"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. സിഡിഎൻ.4/30/2017/പൊഭവ
പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 04-03-2025

**സർക്കുലർ**

വിഷയം:- പൊതുഭരണ വകുപ്പ്- സെക്രട്ടേറിയറ്റിലെ ബയോമെടിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച തുടർമാർഗ്ഗ നിർദ്ദേശം - സംബന്ധിച്ച്

സൂചന:- 1) 31.08.2019 ലെ സി.ഡി.എൻ4/30/2017/പൊഭവ നമ്പർ സർക്കുലർ
2) 09.05.2023 ലെ എ.എം.സി1/55/2022/പൊഭവ നമ്പർ സർക്കുലർ

**********************

സെക്രട്ടേറിയറ്റിലെ സ്പാർക്ക് ബന്ധിത ബയോമെടിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം സെക്രട്ടേറിയറ്റിൽ ഷിഫ്റ്റ് അടിസ്ഥാനത്തിലും മറ്റ് കാരണങ്ങളാലും സ്പാർക്ക് ബന്ധിത ബയോമെടിക്ക് പഞ്ചിംഗ് സംവിധാനത്തിലെ സാലറി സൈക്കിളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ഹാജർ വിവരങ്ങൾ കൺട്രോളിംഗ് ഓഫീസർ ബന്ധപ്പെട്ട ബില്ലിംഗ് സീറ്റുകളിലും പൊതുഭരണ (എ.എം.സി) വകുപ്പിൽ നൽകുവാനും ടി ജീവനക്കാരുടെ സാലറി സൈക്കിൾ പ്രകാരമുള്ള അവധികൾ സ്പാർക്കിലൂടെ സമർപ്പിച്ച് ക്രമവൽക്കരിക്കേണ്ടതും ആയത് പ്രകാരം Controlling Authority/Supervisors ലഭ്യമാക്കുന്ന അവധി സ്റ്റേറ്റ്മെന്റ് പരിശോധിച്ച് അവധികൾ സ്പാർക്കിൽ ക്രമീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കിയ ശേഷം മാത്രം സാലറി ബിൽ പ്രോസസ്സ് ചെയ്യേണ്ടതുമാണെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ ചുവടെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

- സ്പാർക്ക് ബന്ധിത ബയോമെടിക്ക് പഞ്ചിംഗ് സംവിധാനത്തിലെ സാലറി സൈക്കിളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ പട്ടിക update ചെയ്തു പൊതുഭരണ(എ.എം.സി) വകുപ്പ് സൂക്ഷിക്കേണ്ടതും മാസംതോറും ആയത് കൃത്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

- ഇത്തരം ജീവനക്കാരുടെ ഹാജർ ബുക്ക് റിപ്പോർട്ടിംഗ് ഓഫീസർമാർ കൃത്യമായി സൂക്ഷിക്കേണ്ടതും ലീവുകൾ സ്പാർക്ക് മുഖേന ക്രമീകരിച്ചുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ ജീവനക്കാരന്റെ അറ്റൻഡൻസ് സ്റ്റേറ്റ്മെന്റ് അതാത് ബില്ലിംഗ് സീറ്റികളിലേയ്ക്ക് അതാത് മാസത്തെ ശമ്പള ബില്ല് തയ്യാറാക്കുന്നതിനായി റിപ്പോർട്ടിംഗ് ഓഫീസർമാർ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതുമാണ്.

- ഡി.ഡി.ഒ മാർ ഇത്തരം ജീവനക്കാരുടെ അറ്റൻഡൻസ് സ്റ്റേറ്റ്മെന്റ് ലഭ്യമായ ശേഷം മാത്രമേ

ശമ്പള ബില്ല് തയ്യാറാക്കുവാൻ പാടുള്ളു. അറ്റൻഡൻസ് സ്റ്റേറ്റ്മെന്റ് റിപ്പോർട്ടിംഗ് ഓഫീസർമാർ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കാത്ത പക്ഷം ശമ്പള ബില്ല് ഒരു കാരണവശാലും തയ്യാറാക്കുവാൻ പാടുള്ളതല്ല.

- ഓഡിറ്റിന് ആവശ്യപ്പെടുന്ന പക്ഷം ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ഓഫീസർമാർ ടി ജീവനക്കാരുടെ ഹാജർ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് റിപ്പോർട്ടിംഗ് ഓഫീസർമാർക്കായിരിക്കും.

**മേൽ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.**

മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും,
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
മാനേജർ, സ്പാർക്ക്, പിഎം.യു ഓഫീസ്, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്റിറ്റി ക്യാമ്പസ്, പാളയം, തിരുവനന്തപുരം - 695 001
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ. സെക്യൂരിറ്റി & സർവൈലൻസ് ഗ്രൂപ്പ്, കരകുളം, തിരുവനന്തപുരം
പൊതുഭരണ(എ.എം.സി) വകുപ്പ്
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്;
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 04-03-2025 12:16:44
സെക്ഷൻ ഓഫീസർ